"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ്- ജീവനക്കാര്യം- ശ്രീമതി ആതിര കെ. എസ്., കൃഷി ഓഫീസർക്ക് ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ഇഎ) വകുപ്പ്**

സ.ഉ.(സാധാ) നം.991/2023/AGRI തീയതി,തിരുവനന്തപുരം, 12-10-2023

---

പരാമർശം:- 1. കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ 15/07/2023 ലെ ADFW/7992/2023-SD2 നമ്പർ കത്ത്

**ഉത്തരവ്**

ഇടുക്കി ജില്ലയിലെ വട്ടവട കൃഷി ഓഫീസറായി 07/06/2023 തീയതിയിൽ ജോലിയിൽ പ്രവേശിച്ച ശ്രീമതി ആതിര കെ. എസ്. -ന് കേരള കാർഷിക സർവകലാശാലയിൽ ഡോക്ടറേറ്റ് ബിരുദം നേടുന്നതിനായി 09/06/2023 മുതൽ 31/05/2025 വരെ ശൂന്യവേതനാവധി അനുവദിക്കുന്നതിനുള്ള അപേക്ഷയും അനുബന്ധ രേഖകളും കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ പരാമർശം കത്ത് പ്രകാരം സർക്കാറിൽ ലഭ്യമാക്കിയിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇടുക്കി ജില്ലയിലെ വട്ടവട കൃഷി ഓഫീസറായ ശ്രീമതി ആതിര കെ. എസ്.-ന് പഠനാവശ്യത്തിനായി 09/06/2023 മുതൽ 31/05/2025 വരെ, കെ.എസ്.ആർ ഭാഗം I, അനുബന്ധം XII B യിലെ വ്യവസ്ഥകൾക്ക് വിധേയമായി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവാകുന്നു. ടിയാൾ അവധി കഴിഞ്ഞ് സർവീസിൽ പുനഃപ്രവേശിക്കുമ്പോൾ പുതിയതായി സർവീസിൽ പ്രവേശിക്കുന്നതായും ആ തീയതി മുതൽ മാത്രം നിരീക്ഷണകാലം ആരംഭിക്കുന്നതായും കണക്കാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

VALSALA S D

ഡെപ്യൂട്ടി സെക്രട്ടറി

കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ&ഇ), തിരുവനന്തപുരം
ശ്രീമതി ആതിര കെ. എസ്., കൃഷി ഓഫീസർ (കൃഷി ഡയറക്ടർ മുഖേന)
കരുതൽ സഞ്ചയം/ ഓഫീസ് കോപ്പി (AGRI-EA2/198/2023-AGRI )

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ